"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് -എയ്ഡഡ്-ആലപ്പുഴ, തുറവൂർ, റ്റി.ഡി.എച്ച്.എസ്.എസ്. ലെ ശ്രീമതി.അനിത സുന്ദരം സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയും ടിയാരി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 18192/2021 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5755/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 08/12/2021

---

പരാമർശം:-

1) ശ്രീമതി അനിത സുന്ദരം സമർപ്പിച്ച 16/08/2021 തീയതിയിലെ റിവിഷൻ പെറ്റീഷൻ
2) WP(C)No. 18192/2021 മേലുള്ള ബഹു. ഹൈക്കോടതിയുടെ 07/09/2021 തീയതിയിലെ വിധിന്യായം
3) 20/11/2021 തീയതിയിലെ ചെങ്ങന്നൂർ മേഖല ഉപമേധാവിയുടെ 6300/സി7/2021/ആർഡിഡി/സിഎൻജിആർ നമ്പർ കത്ത്
4) 24/11/2021 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ സി ഡി എ3/200604/2021/എച്ച്.എസ്.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ, തുറവൂർ റ്റി.ഡി.എച്ച്.എസ്.എസ്. ലെ ശ്രീമതി അനിത സുന്ദരം തനിയ്ക്ക് എച്ച്.എസ്.എസ്.റ്റി. തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിച്ചപ്പോൾ ഇൻക്രിമെന്റ് തീയതി നിലനിർത്തി ശമ്പളം സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം(1) പ്രകാരം സർക്കാരിൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C) 18192/2021 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസ് പരിഗണിച്ച ബഹു.കോടതി, വിധിപകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ പരാതിക്കാരിയ്ക്കും ബന്ധപ്പെട്ട മറ്റ് കക്ഷിൾക്കും ഹിയറിംഗിന് അവസരം നൽകി പരാമർശം (1) റിവിഷൻ ഹർജി (Exbt. P9) തീർപ്പാക്കാൻ പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തന്റെ അടിസ്ഥാനത്തിൽ പരാതിക്കരിയ്ക്കും ബന്ധപ്പെട്ട മറ്റ് കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. പരാതിക്കാരയ്ക്ക് വേണ്ടി ചുവടെ ചേർത്തിചട്ടുള്ള പ്രകാരം വാദങ്ങൾ രേഖപ്പെടുത്തി:- പരാതിക്കാരിയ്ക്ക് 06.11.2000 ൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിൽ റ്റി.ഡി.എച്ച്.എസ്.എസ്. ൽ നിയമനം ലഭിച്ചു. 06.11.2008 ൽ 8 വർഷത്തെ ഗ്രേഡ് ലഭിച്ചു. എച്ച്.എസ്.എസ്.റ്റി.(ജൂനിയർ) തസ്തികയിൽ 15 വർഷം പൂർത്തിയായപ്പോൾ 06.11.2015 ൽ 40500-85000 സ്കെയിലിൽ ഹയർ ഗ്രേഡ് ലഭിച്ചു. 03.07.2017 മുതൽ എച്ച്.എസ്.എസ്.റ്റി. തസ്തികയിൽ 39500-83000 എന്ന സ്കെയിലിലേക്ക് തസ്തികമാറ്റ നിയമനം ലഭിച്ചു. തുടർന്ന് മൂന്നുവർഷം ഇൻക്രിമെന്റ് സംരക്ഷിച്ച കിട്ടി. തുടർന്ന് 40500-85000 എന്ന സ്കെയിലിൽ നിന്നും 39500-83000 എന്ന താഴ്ന്ന സ്കെയിലിലേക്കാണ് സ്ഥാനക്കയറ്റം ലഭിച്ചിരിക്കുന്നതിനാൽ ടിയാരിക്ക് 37 (ബി) പ്രകാരമുള്ള ഫിക്സേഷനാണ് അനുവദനീയമായിട്ടുള്ളതെന്നും, റൂൾ 37 (ബി) പ്രകാരം ഇൻക്രിമെന്റ് തീയതി പ്രൊട്ടക്റ്റ് ചെയ്ത് ലഭിക്കുകയില്ലയെന്നും, ആകയാൽ പ്രസ്തുത ഫിക്സേഷൻ പ്രകാരം നാളിതുവരെ അധികമായി കൈപ്പറ്റിയ തുക അടിയന്തിരമായി തിരിച്ചടക്കണമെന്നും ചെങ്ങന്നൂർ ആർ.ഡി.ഡി. നിർദ്ദേശിച്ചു. ആയതിനാൽ ലോവർ സ്കെയിലിൽ തുടരുകയായിരുന്ന ഇൻക്രിമെന്റ് തീയതി നിലനിർത്തി ശമ്പളം സംരക്ഷിക്കുന്നതിന് ആർ.ഡി.ഡി. യ്ക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടു.

MURALI PANAMANNA

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് പ്രകാരം, ആലപ്പുഴ ഉറവൂർ റ്റി.ഡി.എച്ച്.എസ്.എസ്. ലെ ശ്രീമതി അനിത സുന്ദരത്തിന് എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ന്റെ സെലക്ഷൻ ഗ്രേഡ് സ്കെയിലായ 40500-85000 ൽ നിന്നും 03.07.2017 മുതൽ എച്ച്.എസ്.എസ്.റ്റി. യുടെ സ്കെയിലായ 39500-83000 എന്ന സ്കെയിലിലേക്ക് തസ്തികമാറ്റ നിയമനം ലഭിച്ചു. Higher Time Scale of pay ൽ നിന്നും Lower Time Scale of pay ലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് KSR Part I, Rule 37 (B) പ്രകാരം അവർ വാങ്ങി വന്ന അടിസ്ഥാന ശമ്പളം, പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിൽ സംരക്ഷിച്ച് നൽകുന്നതിന് മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഇത്തരം സാഹചര്യത്തിൽ ഇൻക്രിമെന്റ് തീയതി സംരക്ഷിച്ച് നൽകുന്നതിന് കേരള സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലായെന്ന് സർക്കാരിന്റെ 04.08.2018 ലെ റ്റി3/29/2018/പൊ.വി.വ. കത്ത് പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. Same Scale of pay ലേക്കുള്ള നിയമനത്തിനാണ് റൂൾ 30 പ്രകാരമുള്ള അഡ്വാൻസ് ഇൻക്രിമെന്റ് അർഹതയുണ്ടാകുന്നത്. എന്നാൽ ഇവിടെ ടിയാരിക്ക് റൂൾ 37 (ബി) പ്രകാരമുള്ള ഫിക്സേഷനാണ് അനുവദനീയമായിട്ടുള്ളത്. ടി സാഹചര്യത്തിൽ ടിയാരിക്ക് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കാനോ ഇൻക്രിമെന്റ് തീയതി പ്രൊട്ടക്റ്റ് ചെയ്ത് ലഭിക്കുന്നതിനോ അർഹതയില്ല.

4. ഹിയറിങ്ങിൽ ഉന്നയിച്ച വാദഗതികളുടെയും വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരാമർശം(1) റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു.

5. കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 37(b) പ്രകാരം ഉയർന്ന ശമ്പള സ്കെയിലിലുള്ള തസ്തികയിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേക്ക് തസ്തികമാറ്റം മുഖേന (സ്പെഷ്യൽ റൂൾസ് പ്രകാരം) നിയമനം ലഭിക്കുന്നവർക്ക് വാങ്ങി വന്ന അടിസ്ഥാന ശമ്പളം, പ്രൊമോഷൻ തസ്തികയുടെ ശമ്പളസ്കെയിലിൽ സംരക്ഷിച്ചു നൽകുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ ഇത്തരം സാഹചര്യത്തിൽ ഇൻക്രിമെന്റ് തീയതി സംരക്ഷിച്ചു നൽകുന്നതിന് കേരള സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമം ശരിവച്ചുകൊണ്ട്, ശ്രീമതി അനിത സുന്ദരം സമർപ്പിച്ചിട്ടുള്ള പരാമർശം (1) റിവിഷൻ പെറ്റിഷൻ നിരസിച്ച് തീർപ്പാക്കിയും അപ്രകാരം പരാമർശം(2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റജിലാ ബീവി.എസ്
ഡെപ്യൂട്ടിസെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,ചെങ്ങന്നൂർ
കോർപറേറ്റ് മാനേജർ, റ്റി ഡി സ്കൂൾസ്, ഉറവൂർ പി ഒ, ചേർത്തല, ആലപ്പുഴ - 688540
പ്രിൻസിപ്പാൾ, റ്റി ഡി ഹയർ സെക്കണ്ടറി സ്കൂൾ, ഉറവൂർ പി ഒ, ചേർത്തല, ആലപ്പുഴ - 688540
ശ്രീമതി അനിത സുന്ദരം, എച്ച് എസ് എസ് റ്റി(സുവോളജി), റ്റി ഡി ഹയർ സെക്കണ്ടറി സ്കൂൾ,
ഉറവൂർ, തിരുമലഭാഗം പി ഒ, ചേർത്തല, ആലപ്പുഴ.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Shajahan S
Date: 08-12-2021 16:43:22
Reason: Approved
സെക്ഷൻ ഓഫീസർ

MURALI PANAMANNA